بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 02.10.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 02.10.15 ന് ബൈത്തുൽ ഫുതുഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**ഈമാൻ ഒരു ചെടിയാണ്. അതിന്റെ സേചനം കർമത്തിലൂടെയാണ് ഉണ്ടാകുന്നത്. അതുകൊണ്ട് ഈമാനിന്റെ സമ്പൂർത്തീകരണത്തിന് കർമം വളരെ അനിവാര്യമാണ്. ഈമാനോടൊപ്പം കർമമില്ലെങ്കിൽ ചെടി ഉണങ്ങി പ്പോകുകയും അത് മുരടിച്ചതും നഷ്ടപ്പെട്ടതുമായിരിക്കുകയും ചെയ്യും. മുഅ്മിന്റെ ജോലി കർമത്തോടൊപ്പം തൗബ ചെയ്യുന്നതിലേക്കും ശ്രദ്ധ കൊടുക്കുക എന്നതാണ്. അതായത്, എല്ലാ പ്രയാസങ്ങളുടെയും പരീക്ഷണ ത്തിന്റേയും നേരത്ത് അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞ് സ്വന്തം ദൗർബല്യങ്ങൾ ഏറ്റുപറയുകയും പിന്നീട് സൽകർമം കൊണ്ട് സ്വന്തം പരിഷ്കരണജോലി തുടർന്നുകൊണ്ടുപോകുകയും ചെയ്യുക.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദ ഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

**വല നബ്‌ലുവന്നക്കും ബിശയ്ഇൻ മ്മിനൽ ഖൗഫി വൽ ജൂയി വനഖ്സിൻ മ്മിനൽ അംവാലി വൽഅൻഫുസി വഥ്ഥ മറാത്ത് വ ബശ്ശിരിസ്സ്വാബിരീൻ -അല്ലദീന ഇദാ അസ്വാ ബത്ഹും മ്മുസീബത്തുൻ ഖാലൂ ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി രാജിഊൻ**

ഈ വചനങ്ങളുടെ തർജമ ഇപ്രകാരമാണ്. ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമാ യും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. തങ്ങൾക്ക് വല്ല ആപ ത്തും നേരിടുമ്പോൾ നിശ്ചയമായും ഞങ്ങൾ അല്ലാഹുവിനു ള്ളവരും അവനിലേക്ക് തന്നെ മടങ്ങുന്നവരുമാകുന്നു എന്നു പറ യുന്ന സഹനശീലർക്ക് നീ സുവാർത്തയറിയിക്കുക. (2:156,157)

ബുദ്ധിമുട്ടുകളും വിപത്തുകളും അല്ലെങ്കിൽ ഏതെങ്കിലും തര ത്തിലുള്ള നഷ്ടങ്ങളും ഉണ്ടാകുമ്പോൾ മുഅ്മിനീംകൾ കാണി ക്കുന്ന പ്രത്യേകതകളെക്കുറിച്ചാണ് ഈ വചനങ്ങളിൽ പറയ പ്പെട്ടിരിക്കുന്നത്. അല്ലാഹു പറയുന്നു: ഈ പ്രത്യേകതകൾ വഹി ക്കുന്നവനാകുമ്പോഴാണ് ഒരു യഥാർത്ഥ സത്യവിശ്വാസി തിരി ച്ചറിയപ്പെടുന്നത്. സത്യവിശ്വാസികൾക്ക് ചിലപ്പോൾ വ്യക്തിഗ തമായ നിലയിൽ നഷ്ടങ്ങൾ നേരിടേണ്ടതായി വരുന്നു. ചില പ്പോൾ ജമാഅത്തുപരമായ നിലയിലും നഷ്ടമുണ്ടാകുന്നു. പക്ഷേ, യഥാർത്ഥ സത്യവിശ്വാസി എല്ലാവിധത്തിലുള്ള നഷ്ട ങ്ങളിൽനിന്നും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിക്കൊണ്ട് വിജയിയായി പുറത്തുവരുന്നു. അങ്ങനെ അവൻ പുറത്തുവരേ ണ്ടതുമാണ്. ഈ വിഷയത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവിധ രചനകളിലും മാർഗനിർദ്ദേശങ്ങളിലും വളരെ വിശാല മായി വെളിച്ചം വീശിയിരിക്കുന്നു. വിവിധ വശങ്ങളിലൂടെ ഈ വിഷയം വിശദീകരിച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ആയത്തുകൾക്ക് വിശദീകരണം നല്കിക്കൊണ്ട് ഒരിടത്ത് പറയുന്നു: 'വിപത്തുകളെ മോശമായി കരുതാൻ പാടില്ല. കാര ണം വിപത്തുകളെ മോശമായി മനസ്സിലാക്കുന്നവൻ മുഅ്മിൻ ആകുകയില്ല.' പറഞ്ഞു: 'ഇതേ പ്രയാസങ്ങൾ ദൈവദൂതന്മാർ ക്കുണ്ടാകുമ്പോൾ, അവർക്ക് അനുഗ്രഹങ്ങളുണ്ടെന്ന സുവാ ർത്ത നല്കപ്പെടുന്നു. മറ്റുള്ളവരിൽ ഈ പ്രയാസങ്ങളുണ്ടാകു മ്പോൾ, അവരെ അത് നശിപ്പിച്ചുകളയുന്നു. ചുരുക്കത്തിൽ വിപ ത്തുകൾ ഉണ്ടാകുമ്പോൾ **ഖാലൂ ഇന്നാ ലില്ലാഹി വഇന്നാ ഇ ലയ്ഹി രാജിഊൻ** പറയേണ്ടതാണ്. ബുദ്ധിമുട്ടുകളുടെ നേരത്ത് അല്ലാഹുവിന്റെ ഇഷ്ടം തേടുക. പറഞ്ഞു: 'സത്യവിശ്വാസിയുടെ ജീവിതത്തിന് രണ്ടു ഭാഗങ്ങളുണ്ട്. സൽകർമം സത്യവിശ്വാസി ചെയ്യുമ്പോൾ അവന് പ്രതിഫലം നിശ്ചയിക്കപ്പെടുന്നു. എന്നാൽ, ക്ഷമയ്ക്കുള്ള പ്രതിഫലം അതിരറ്റതും അസംഖ്യവുമാണ്. (ന മ്മയ്ക്ക് പ്രതിഫലമുണ്ട്. പക്ഷേ, ക്ഷമയുടെ പ്രതിഫലം വളരെ അധികമാണ്) അല്ലാഹു പറയുന്നു: 'ഇക്കൂട്ടരാണ് ക്ഷമാശീലർ. ഇക്കൂട്ടരാണ് അല്ലാഹുവിനെ മനസ്സിലാക്കിയവർ. ക്ഷമയുടെ അർ ഥം മനസ്സിലാക്കുന്നവരുടെ ജീവിതത്തെ അല്ലാഹു രണ്ടായി ഭാഗി ക്കുന്നു. ചിലപ്പോൾ അവൻ സത്യവിശ്വാസിയുടെ ദുആ സ്വീകരി ക്കുന്നു. **ഉദ്ഊനീ അസ്തജിബ്‌ലക്കും** എന്ന് അവൻ പറഞ്ഞ തുപോലെ. ചിലപ്പോൾ അവൻ മുഅ്മിനെക്കൊണ്ട് തന്റെ കാര്യം ചെയ്യിക്കാൻ ആഗ്രഹിക്കുന്നു. അവൻ പറയുന്നു: **'വല നബ്‌ലു വന്നക്കും ബിശയ്ഇൻ മ്മിനൽ ഖൗഫി** ഇക്കാര്യം മനസ്സിലാ ക്കലാണണ് സത്യസന്ധത. ഒരുഭാഗത്തേക്ക് ശക്തി കൊടുക്കരു ത്.

പറഞ്ഞു: 'വിപത്തിന്റെ നേരത്ത് സത്യവിശ്വാസി വിഷമിക്കാതി രിക്കേണ്ടതാണ്. അവൻ നബിയെക്കാൾ വലിയവനല്ലല്ലോ. യഥാ ർഥ കാര്യം എന്താണെന്നുവച്ചാൽ, വിപത്തിന്റെ നേരത്ത് സ്നേഹ ത്തിന്റെ ഒരു അരുവി പൊട്ടിപ്പുറപ്പെടുന്നു. ആയിരക്കണക്കിന് ആനന്ദം നല്കാത്തതായ ഒരു വിപത്തും മുഅ്മിനു ഉണ്ടാകുന്നി ല്ല.' പിന്നീട് അവിടന്ന് പറഞ്ഞു: 'അല്ലാഹുവിന് പ്രിയപ്പെട്ട വർക്ക് പാപങ്ങൾ കാരണത്താൽ വിപത്തുകൾ വരികയില്ല. മുഅ്മിന്റെ ശ്രേഷ്ഠതയും വിപത്തുകളിലൂടെ തുറക്കുന്നു. നോക്കുക! നബി (സ) തിരുമേനിയുടെ ദുഃഖങ്ങളുടേയും സഹായങ്ങളുടേയും കാല ഘട്ടങ്ങളിൽ അവിടത്തെ സൽസ്വഭാവങ്ങൾ എങ്ങനെയാണ് വെളി വാക്കപ്പെട്ടത്. നബിതിരുമേനിക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നി ല്ലെങ്കിൽ, ഇപ്പോൾ ആ മഹാത്മാവിന്റെ സ്വഭാവങ്ങളെക്കുറിച്ച് എ ന്താണ് നമ്മൾ പറയുക. സത്യവിശ്വാസികൾക്കുണ്ടാകുന്ന ബുദ്ധി മുട്ടുകളെ മറ്റുള്ളവർ ബുദ്ധിമുട്ടുകളായി മനസ്സിലാക്കുന്നു എന്ന തിൽ സംശയമില്ല. എന്നാൽ, മുഅ്മിൻ ഒരിക്കലും അതിനെ ബുദ്ധിമുട്ടുകളായി വിചാരിക്കുകയില്ല.' പറഞ്ഞു: 'മനുഷ്യൻ ത ന്റെ സത്യസന്ധമായ തൗബയിൽ നിലകൊള്ളേണ്ടത് അത്യാവ ശ്യമായ കാര്യമാണ്. തൗബ മുഖേന തനിക്ക് ഒരു പുതുജീവിതം കിട്ടിയെന്ന് മനസ്സിലാക്കണം. തൗബയുടെ പ്രതിഫലം ആഗ്രഹി ക്കുന്നെങ്കിൽ കർമത്തോടുകൂടി തൗബ പൂർത്തിയാക്കുക. ഈമാ ൻ ഒരു ചെടിയാണ്. അതിന്റെ സേചനം കർമത്തിലൂടെയാണ് ഉണ്ടാകുന്നത്. അതുകൊണ്ട് ഈമാനിന്റെ സമ്പൂർത്തീകരണ ത്തിന് കർമം വളരെ അനിവാര്യമാണ്. ഈമാനോടൊപ്പം കർമ മില്ലെങ്കിൽ ചെടി ഉണങ്ങിപ്പോകുകയും അത് മുരടിച്ചതും നഷ്ട പ്പെട്ടതുമായിരിക്കുകയും ചെയ്യും.'

വീണ്ടും അവിടന്ന് പറയുന്നു: 'നിങ്ങൾ സത്യവിശ്വാസിയായിരിക്കുന്ന അവസ്ഥയിൽ പരീക്ഷണത്തെ മോശമായി കരുതരുത്. മോശമായി കരുതുന്നത് പൂർണസത്യവിശ്വാസി അല്ലാത്തവനാണ്. വിശുദ്ധഖുർആനിൽ പറയുന്നു: നാം ചിലപ്പോൾ നിങ്ങളെ ധനം കൊണ്ടോ ജീവൻകൊണ്ടോ മക്കളെ കൊണ്ടോ കൃഷിയിടങ്ങളിലുള്ള നഷ്ടങ്ങൾകൊണ്ടോ പരീക്ഷിക്കുന്നതാണ്. എന്നാൽ, അത്തരം നേരങ്ങളിൽ ആരാണോ ക്ഷമിക്കുകയും നന്ദികാണിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത്, അവർക്ക് സുവാർത്ത നല്കുക; ആരാണോ അത്തരം നേരങ്ങളിൽ **ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ** എന്നു പറയുന്നത് അവർക്കുവേണ്ടി അല്ലാഹു കാരുണ്യത്തിന്റെ കവാടങ്ങൾ വിശാലമാക്കുകയും അവരിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഉണ്ടാകുകയും ചെയ്യുന്നതാണ്. അതായത് നമ്മളും നമ്മളുമായി ബന്ധപ്പെട്ട എല്ലാ വസ്തുക്കളും അല്ലാഹുവിൽനിന്നുള്ളതാണ്. അവസാനം അവയുടെ മടക്കവും അല്ലാഹുവിലേക്കാണ്. ഒരുതരത്തിലുള്ള നഷ്ടത്തിന്റേയും വിഷയം അവരുടെ മനസ്സിനെ ബാധിക്കുകയില്ല. അവർ സംതൃപ്തിയുടെ സ്ഥാനത്ത് പാർക്കുന്നവരാണ്. അത്തരക്കാർ ക്ഷമാശീലരാകുന്നു. ക്ഷമാശീലർക്കുവേണ്ടി, അല്ലാഹു കണക്കറ്റ പ്രതിഫലം വച്ചിട്ടുണ്ട്.' വീണ്ടും അവിടന്ന് പറയുന്നു: 'ചിലയാളുകൾ തങ്ങളുടെ ദുആ സ്വീകരിക്കുന്നില്ലെന്ന് പറഞ്ഞ് ആക്ഷേപം ഉന്നയിക്കാറുണ്ട്. അല്ലെങ്കിൽ ഔലിയാക്കന്മാരുടെ മേൽ അവരുടെ ഇന്ന ദുആ സ്വീകരിക്കപ്പെട്ടില്ല, ഇന്നത് സ്വീകരിക്കപ്പെട്ടില്ല എന്നു പറഞ്ഞു ആക്ഷേപിക്കാറുണ്ട്.'പറഞ്ഞു: 'ആ അജ്ഞരായിട്ടുള്ള അവർ ഈ ദൈവികനിയമം അറിയാത്തവർ മാത്രമാണ്. ഏതൊരു മനുഷ്യന് അല്ലാഹുവുമായി അത്തരം കാര്യങ്ങളിൽ ഇടപെടേണ്ടി വന്നിട്ടുണ്ടോ അയാൾ ഈ നിയമങ്ങൾ നല്ലവണ്ണം അറിയുന്നവനായിരിക്കും; അല്ലാഹു അംഗീകരിക്കുന്നതും അംഗീകരിപ്പിക്കുന്നതുമായ രണ്ടു മാതൃകകൾ സമർപ്പിച്ചിരിക്കുന്നു. അതിനെ അംഗീകരിക്കലാണ് ഈമാൻ. നിങ്ങൾ ഒരേയൊരു വശത്തു ശക്തിചെലുത്തുന്നവർ ആകാതിരിക്കുക. നിങ്ങൾ അല്ലാഹുവിനെ എതിർത്തുകൊണ്ട് അവൻ നിശ്ചയിച്ചിരിക്കുന്ന നിയമത്തെ ലംഘിക്കാൻ ശ്രമിക്കുന്നവരാകരുത്.' അവിടന്ന് പറഞ്ഞു: 'മനുഷ്യന് അഭിവൃദ്ധിപ്പെടാൻ രണ്ടേ രണ്ടു മാർഗങ്ങളാണുള്ളത്. ഒന്ന് മനുഷ്യൻ അല്ലാഹുവിന്റെ കല്പന കൊണ്ടു സ്വയം നിർവഹിക്കുന്ന നമസ്കാരം നോമ്പ് സക്കാത്ത് ഹജ്ജ് തുടങ്ങിയവയാണ്. എന്നാൽ, ഇക്കാര്യങ്ങൾ മനുഷ്യന്റെ കൈയിലാണുള്ളത്. അതുകൊണ്ട് അവയിൽ അലസതയും മടിയും കാണിച്ചുകൊണ്ടിരിക്കും.'

ചിലപ്പോൾ അവയിൽ എന്തെങ്കിലും എളുപ്പത്തിന്റെയും സൗഖ്യത്തിന്റെയും അവസ്ഥയും ഉണ്ടാകാറുണ്ട്. ഇതിനായി അല്ലാഹു മാനുഷികമായ പൂർത്തീകരണത്തിനു മറ്റൊരു വഴിയും വെച്ചിരിക്കുന്നു. പറഞ്ഞു: 'ഞാൻ നിങ്ങളെ പരീക്ഷിച്ചുകൊണ്ടിരിക്കുന്നതാണ്. ചിലപ്പോൾ ഭയപ്പെടുത്തിക്കൊണ്ട്, ചിലപ്പോൾ പട്ടിണികൊണ്ട്, ചിലപ്പോൾ ധനത്തിലും ജീവനിലും ഫലങ്ങളിലും നഷ്ടം വരുത്തിക്കൊണ്ട്. എന്നാൽ, ഈ വിപത്തുകളിലും പ്രയാസങ്ങളിലും പട്ടിണികളിലും ക്ഷമ കൈക്കൊണ്ട് **ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ** പറയുന്നവർക്ക് സുവാർത്ത അറിയിക്കുക; അവർക്കുവേണ്ടി വലിയ വലിയ പ്രതിഫലങ്ങളും അല്ലാഹുവിന്റെ കാരുണ്യങ്ങളും അവന്റെ പ്രത്യേക സമ്മാനങ്ങളും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഇക്കാര്യം നമ്മൾ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്; അല്ലാഹു എന്തിനാണ് നമ്മെ വലിയ വലിയ നഷ്ടങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും കടത്തിക്കൊണ്ടുപോകുന്നതെന്ന വിചാരം ഒരിക്കലും നമ്മുടെ മനസ്സിൽ വരാൻ പാടില്ല. ഏതെങ്കിലും ശത്രുത പരിഹസിക്കുകയും അപഹസിക്കുകയും അല്ലെങ്കിൽ അല്ലാഹു നിങ്ങളോടൊപ്പമുണ്ടെങ്കിൽ നിങ്ങൾക്കെന്തുകൊണ്ട് നഷ്ടമുണ്ടായെന്നു ചോദിക്കുകയും ചെയ്യുമ്പോൾ വിഷമിക്കാനും പാടില്ല.

ഈ ഉദ്ധരണികളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ മുമ്പിൽ വിവരിച്ചിട്ടുള്ള കാര്യങ്ങളിലെ ചില പ്രധാന കാര്യങ്ങൾ ഞാൻ നിങ്ങളുടെ മുന്നിൽ വെക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'റസൂൽമാരിലോ അല്ലാഹുവിന്റെ പ്രിയപ്പെട്ടവരിലോ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വരുമ്പോൾ നബിമാരുടെ ശരിയായ അധ്യാപനങ്ങളനുസരിച്ച് നടക്കുന്ന അവരുടെ ജമാഅത്തിനുമേൽ അതു വരുമ്പോൾ അല്ലാഹു അവരെ ഏതെങ്കിലും വിപത്തിൽ ഇടുന്നതിനുവേണ്ടിയോ ശിക്ഷിക്കുന്നതിനുവേണ്ടി ബുദ്ധിമുട്ടുകളിലൂടെ കടത്തിവിടുകയില്ല. മറിച്ച്, അവർക്ക് അനുഗ്രഹങ്ങൾ ഉണ്ടെന്ന സുവാർത്ത അറിയിക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ റസൂൽമാരുടെയും അവരുടെ ജമാഅത്തിന്റേയും ശത്രുക്കളിലും മറ്റുള്ളവരിലും അത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ വരുമ്പോൾ അവരുടെ നാശമായിക്കൊണ്ടാണ് വരുന്നത്. അവരെ നശിപ്പിക്കുകയും ചെയ്യുന്നു.' പിന്നീട് അവിടന്ന് പറഞ്ഞു: 'ബുദ്ധിമുട്ടുണ്ടാകുമ്പോൾ ക്ഷമിക്കുന്നവർ അല്ലാഹുവിന്റെ കണക്കറ്റ പ്രതിഫലത്തിന് അനന്തരാവകാശികളായിത്തീരുന്നു.'

അതുകൊണ്ട് ഒരു മുഅ്മിന് ക്ഷമയുടെ അർത്ഥം മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. ക്ഷമയുടെ അർത്ഥം എന്തെങ്കിലും നഷ്ടമുണ്ടായാൽ മനുഷ്യൻ ഖേദം പ്രകടിപ്പിക്കരുതെന്നല്ല. മറിച്ച്, അതിന്റെ അർത്ഥം എന്തെങ്കിലും നഷ്ടമോ ബുദ്ധിമുട്ടോ ഓർത്ത് സ്വബോധം നഷ്ടപ്പെടുന്ന രീതിയിൽ പ്രവർത്തിക്കരുതെന്നാണ്. നിരാശനായിരിക്കരുതെന്നാണ്. തന്റെ കർമപരമായ കഴിവുകൾ ഉപയോഗിക്കരുത് എന്നല്ല. ഒരു പരിധിവരെ ഖേദം പ്രകടിപ്പിക്കുന്നതും ശരിതന്നെയാണ്. എന്തെങ്കിലും നഷ്ടമുണ്ടാകുമ്പോൾ ഖേദം പ്രകടിപ്പിക്കേണ്ടതുമാണ്. അതിനോടൊപ്പംതന്നെ പുതിയൊരു നിശ്ചയദാർഢ്യത്തോടുകൂടി, അടുത്ത സ്റ്റെപ്പിലേക്ക് ചുവടുവെക്കുന്നതിനുവേണ്ടി മുമ്പത്തേക്കാളുപരി പരിശ്രമിക്കുമെന്നുള്ള ഉറച്ചബുദ്ധിയുടേയും കർമത്തിന്റേയും ആവശ്യമുണ്ട്. ദുആയുടെ യാഥാർത്ഥ്യവും ക്ഷമിക്കുന്നവർതന്നെയാണ് അറിയുന്നതെന്ന കാര്യവും ഓർക്കേണ്ടതാണ്. ചിലപ്പോൾ അല്ലാഹു പെട്ടെന്ന് ദുആ സ്വീകരിക്കുന്നു. ചിലപ്പോൾ എന്തെങ്കിലും ഉദ്ദേശ്യത്താൽ അല്ലാഹു ദുആ സ്വീരിക്കുകയുമില്ല. പക്ഷേ, സത്യവിശ്വാസിയുടെ ജോലി എല്ലാ അവസ്ഥയിലും അല്ലാഹുവിന്റെ തൃപ്തിയിൽ സംതൃപ്തനായിരിക്കുക എന്നതാണ്. അല്ലാഹുവിന്റെ ഒരു പ്രവർത്തനത്തിലും പരാതിപ്പെടരുത്. ഇതാണ് യഥാർത്ഥമായ ക്ഷമ. അത്തരം ക്ഷമയുടെ അവസ്ഥ ഉണ്ടാകുമ്പോൾ അല്ലാഹു തന്റെ ദാസരെ നല്ലവണ്ണം അനുഗ്രഹിക്കുന്നു. സമ്മാനങ്ങൾ നല്കുന്നു. അവിടന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ യഥാർത്ഥ ദാസൻ പ്രയാസങ്ങളുടെ നേരത്തും ആനന്ദം ആസ്വദിക്കുന്നുണ്ടാകും. കാരണം ആ പ്രയാസങ്ങളുടെ പിന്നാലെ അസംഖ്യം സമ്മാനങ്ങളും അനുഗ്രഹങ്ങളും വന്നുകൊണ്ടിരിക്കന്നത് അവർക്ക് കാണാൻ കഴിയുന്നു.' അവിടന്ന് പറഞ്ഞു. 'സത്യവിശ്വാസിക്ക് വിപത്തുകളും പ്രയാസങ്ങളും വരുന്നത് അവരുടെ പാപങ്ങൾ കാരണത്താലല്ല. മറിച്ച് അല്ലാഹുവിൽനിന്നുള്ള പരീക്ഷണമാണത്. അല്ലാഹുവിന്റെ ദാസന്മാർ എല്ലാ അവസ്ഥയിലും അവന്റെ തൃപ്തിയിൽ തൃപ്തിപ്പെട്ട് കഴിയുന്നവരാണെന്ന് ലോകരും അറിയുമാറാകുന്നതിനുവേണ്ടിയാണിത്.' അവിടന്ന് പറഞ്ഞു: 'ലോകത്ത് ഏറ്റവും കൂടുതൽ അല്ലാഹുവിന് പ്രിയപ്പെട്ട വ്യക്തി

നബി(സ) തിരുമേനിയായിരുന്നു. പക്ഷേ, ആ മഹാത്മാവിനും നിരവധി ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവന്നു. വ്യക്തിപരമായ ബുദ്ധിമുട്ടുകളുണ്ടായി. ജമാഅത്തുപരമായ ബുദ്ധിമുട്ടുകളുമുണ്ടായി. നബി(സ)തിരുമേനിക്ക് ഉണ്ടായത്ര ബുദ്ധിമുട്ടുകൾ മറ്റാർക്കുമുണ്ടായിട്ടില്ല. പക്ഷേ, എല്ലാത്തരത്തിലുള്ള ബുദ്ധിമുട്ടുകളിലും അവിടന്ന് കാണിച്ച ക്ഷമയുടെയും അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തനായിരുന്നതിന്റെയും മാതൃക ലോകത്ത് മറ്റെങ്ങും നമുക്ക് കാണാൻ കഴിയുന്നില്ല. ഇതുതന്നെയാണ് ആ ഉത്കൃഷ്ടമായ സ്വഭാവഗുണം. അത് എല്ലാ മുസ്‌ലിംകൾക്കും ഉദാത്ത മാതൃകയാണ്.

സത്യസന്ധമായ തൗബ ചെയ്യാൻ നമ്മളോടു പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇതും നിങ്ങളുടെ പരീക്ഷണങ്ങളിൽനിന്നും മാന്യതയോടുകൂടി പുറത്തുവരാൻ വളരെ നിർബന്ധമാണ്. അതുകൊണ്ട് മുഅ്മിന്റെ ജോലി കർമത്തോടൊപ്പം തൗബ ചെയ്യുന്നതിലേക്കും ശ്രദ്ധ കൊടുക്കുക എന്നതാണ്. അതായത്, എല്ലാ പ്രയാസങ്ങളുടെയും പരീക്ഷണത്തിന്റേയും നേരത്ത് അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞ് സ്വന്തം ദൗർബല്യങ്ങൾ ഏറ്റുപറയുകയും പിന്നീട് സൽകർമം കൊണ്ട് സ്വന്തം പരിഷ്കരണജോലി തുടർന്നുകൊണ്ടുപോകുകയും ചെയ്യുക. അവിടന്ന് പറയുന്നു: എപ്രകാരം ഒരു തോട്ടക്കാരൻ ചെടി നട്ട് അതിന് വെള്ളം കോരുകയും പരിപാലിക്കുകയും ചെയ്യുന്നുവോ അപ്രകാരം സത്യവിശ്വാസികളും ഈമാന്റെ ചെടിയെ സൽകർമത്തിന്റെ ജലംകൊണ്ട് നനയ്ക്കുക. ഇങ്ങനെ ചെയ്യുകയാണെങ്കിൽ അതുതന്നെ ഒരു സത്യവിശ്വാസിയുടെ വിജയത്തിനുള്ള മാർഗമായി തീരുന്നതാണ്. അവിടന്ന് പറഞ്ഞു: 'ജനങ്ങൾ പറയുന്ന കാര്യങ്ങൾ കേട്ട് വിഷമിക്കേണ്ട ആവശ്യമൊന്നുമില്ല. ആളുകൾ അല്ലാഹുവിന്റെ മിത്രങ്ങളുടെ (ഔലിയാ) മേലും അവരുടെ ഇന്ന ദുആ സ്വീകരിക്കപ്പെട്ടില്ല ഇന്നത് സ്വീകരിക്കപ്പെട്ടില്ല എന്നുപറഞ്ഞ് ആക്ഷേപം ഉന്നയിച്ച് വന്നവരാണ്.' അവിടന്ന് പറയുന്നു: 'അത്തരം ആക്ഷേപകർ വാസ്തവത്തിൽ ദൈവികനിയമത്തെക്കുറിച്ച് അറിയാത്തവരാണ്. അല്ലാഹു ചിലപ്പോൾ സ്വീകരിക്കുകയും ചിലപ്പോൾ സ്വീകരിപ്പിക്കുകയും ചെയ്യുന്നുവെന്ന് മുഅ്മിൻ അറിയുന്നു. ഇതുതന്നെയാണ് അവന്റെ നിയമം. അവിടന്ന് നമ്മെ ഉപദേശിച്ചു: നിങ്ങൾ ഈ നിയമത്തെ ലംഘിക്കുന്നവരാകരുത്. അവിടന്ന് പറഞ്ഞു: സത്യവിശ്വാസികൾക്ക് വിപത്തുകളും പ്രയാസങ്ങളും എക്കാലത്തും ഉണ്ടാകുകയില്ല. അതു വരുന്നു. പോകുകയും ചെയ്യുന്നു. അതിനാൽ ക്ഷമയും ദുആയും സ്വന്തം കർമങ്ങളുംകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നവരാകുക. പ്രയാസങ്ങളിലൂടെ കടന്നുപോകുമ്പോഴെല്ലാം **ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ** എന്നു പറയുന്നവരിൽ ഉൾപ്പെടുക.

കഴിഞ്ഞദിവസം ഇവിടെ മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹിനോട് ചേർന്നുള്ള രണ്ട് ഹാളുകളിൽ തീ പിടിച്ച കാരണത്താൽ വൻനഷ്ടമുണ്ടായി. വലിയ ഭയാനകമായ തീബാധയായിരുന്നു. അതിനെക്കുറിച്ച് വിവിധ ടിവി ചാനലുകളും മറ്റു വാർത്താ മാധ്യമങ്ങളും വാർത്തകൾ നല്കിയപ്പോൾ പകയിലും അസൂയയിലും മികച്ചുനില്ക്കുന്ന ചിലയാളുകൾ വലിയ സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി. എന്നല്ല, അവരുടെ വെറും രണ്ട് ഹാളുകൾ മാത്രമേ കത്തിയുള്ളൂ. മസ്ജിദ് കത്താതിരുന്നത് എന്തേ എന്നു പറഞ്ഞുകൊണ്ട് അതിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. ഇതാണ് ഇക്കാലത്തെ ചില മുസ്‌ലിംകളുടെ അവസ്ഥ. പക്ഷേ, എല്ലാവരും അങ്ങനെയല്ല. ചില പ്രദേശങ്ങളിലെ മുസ്‌ലിംകൾ നമ്മളോട് സഹതാപം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഭവവും വിശാലമായ നിലയിൽ ജമാഅത്തിനെ ലോകത്തിന് പരിചയപ്പെടുത്തുകയാണ് ചെയ്തത്. എന്തായാലും നമുക്ക് വിഷമമുണ്ടായി. നമ്മൾ ക്ഷമ കാണിക്കുകയും ചെയ്തു. ഇന്നാലില്ലായും പറഞ്ഞു. പക്ഷേ, അല്ലാഹു ഈ നഷ്ടത്തിലും പരീക്ഷണത്തിലും ജമാഅത്തിനുവേണ്ടി ആളുകളെ എഴുന്നേല്പിച്ചുനിറുത്തിക്കൊണ്ട് താൻ ഇവരോടൊപ്പമാണെന്ന് പറഞ്ഞുകൊടുത്തു. തീബാധയുണ്ടാകാൻ കാരണമെന്താണ്? അതു പോലീസുകാർക്ക് ഇതുവരെ അറിയാൻ കഴിഞ്ഞിട്ടില്ല. കാരണമെന്തായാലും നമ്മുടെ ഇവിടെത്തെ മസ്ജിദിലെ ജോലിക്കാരുടെയും പ്രവർത്തകരുടെയും വീഴ്ചയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. അവർ ഒരുപാട് ഇസ്തിഗ്ഫാർ ചൊല്ലേണ്ടതാണ്. ചില മുസ്‌ലിംകൾ സന്തോഷം ആഘോഷിക്കുന്നു. അവർ സുബ്ഹാനല്ലാഹ് സുബ്ഹാനല്ലാഹ് ചൊല്ലിക്കൊണ്ടിരിക്കുന്നു. ഇന്ന് അവർ ഈ സുബ്ഹാനല്ലാഹ് പരിഹാസത്തോടുകൂടിയും അല്ലാഹുവിന്റെ ആത്മീയരോഷത്തെ ജ്വലിപ്പിക്കുന്നതിനുവേണ്ടിയും ചൊല്ലിക്കൊണ്ടിരിക്കുന്നുവെങ്കിൽ ചൊല്ലിക്കോട്ടെ. പക്ഷേ, ഇൻശാഅല്ലാഹ് എത്രയും വേഗം ഇതിനേക്കാൾ ഉത്തമവും മനോഹരമായതും നിർമ്മിച്ച് നമ്മൾ യഥാർത്ഥമായ സുബ്ഹാനല്ലാഹ് ചൊല്ലുന്നതായിരിക്കും. മാശാഅല്ലാഹ് പറയുന്നതായിരിക്കും. ഞാൻ പറഞ്ഞതുപോലെ പരീക്ഷിക്കുക എന്നത് അല്ലാഹുവിന്റെ നടപടിക്രമമാണ്. കാരണമെന്താണെന്നുപോലും ഇതുവരെ അറിയാൻ കഴിഞ്ഞിട്ടില്ല. ഇതെല്ലാം എങ്ങനെയുണ്ടായി എന്നും അറിയില്ല. ഇത് ഏതെങ്കിലും ഗൂഢാലോചനയോ ദ്രോഹപ്രവർത്തനമോ ആണെങ്കിൽ ഇക്കാര്യങ്ങൾകൊണ്ട് ജമാഅത്തിന്റെ പുരോഗതി നിലയ്ക്കുകയില്ല. അതെ, സംഘാടകർക്ക് തങ്ങളുടെ ബലഹീനതകൾ നോക്കിക്കാണുന്നതിനും അതിൽ ചിന്തിക്കുന്നതിനും ഈ സംഭവം ജാഗ്രതപ്പെടുത്തുന്നതാകണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദം മുതലേ ആ മഹാത്മാവിന്നെതിരിൽ ഗൂഢാലോചനകളും കൊള്ളിവെപ്പുകളും തുടർന്നുവരുന്നതാണ്. പക്ഷേ, എന്താണ് ഉണ്ടാവുന്നത്? എന്തു ഫലമാണ് ഉണ്ടാകുന്നത്? ജമാഅത്തിന്റെ പുരോഗതി നമുക്കെല്ലായിടത്തും കാണാൻ കഴിയുന്നു. ഒരു തീ ബാഹ്യമായിട്ടുള്ളതാണ്. പക്ഷേ, മനുഷ്യന്റെ ഉള്ളിൽ അസൂയയുടെയും വെറുപ്പിന്റേയും തീയുമുണ്ട്. നമ്മുടെ മസ്ജിദിനോട് ചേർന്ന് ഒരുഭാഗത്ത് തീപിടിത്തമുണ്ടായി. പക്ഷേ, നമ്മുടെ ഈ നഷ്ടം ഇൻശാഅല്ലാഹ് നികത്തപ്പെടുന്നതാണ്. ഇൻശാഅല്ലാഹ് നമ്മൾ അല്ലാഹുവിന്റെ സുവിശേഷങ്ങളിൽനിന്ന് ഓഹരി എടുക്കുന്നവരുമായിരിക്കും. ഈ ക്ഷമയും ദുആയും നമ്മെ അല്ലാഹുവിന്റെ കുളിരിലും തണുപ്പിന്റെ ഛായവീഴുന്ന മടിത്തട്ടിലും എടുക്കുന്നതായിരിക്കും. പക്ഷേ, ഈ ബാഹ്യമായ തീകൊണ്ടും എതിരാളികളുടെ അസൂയാഗ്നി ജ്വലിച്ചുകൊണ്ടിരിക്കുകയാണ്. ബഹ്യമായി നമുക്കെതിരിൽ ജ്വലിപ്പിക്കപ്പെട്ട തീയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശത്രുക്കളെ കത്തിച്ചുകൊണ്ടിരിക്കുന്നു.

എം.ടി.എ യുടെ പ്രവർത്തനങ്ങളുടെ ഒരു ഭാഗവും ഇവിടെ നടന്നുവരുന്നുണ്ട്. എന്നല്ല, വളരെ വലിയ ഭാഗം ഇവിടെയാണുള്ളത്. ആ ദിവസം 'രാഹേഹുദാ'യുടെ തൽസമയ സംപ്രേഷണ പരിപാടി ഉണ്ടായിരുന്നു. പരിപാടി നടത്തുന്നവർ എം.ടി.എ സ്റ്റുഡിയോ വരെ തങ്ങൾക്ക് എത്താൻ കഴിയുകയില്ല, അവിടത്തെ അവസ്ഥ എന്താണെന്നറിയില്ല, അവിടെ പോകാനും കഴിയില്ല, എന്നതുകൊണ്ട് റക്കോർഡ് ചെയ്ത പരിപാടി സംപ്രേഷണം ചെയ്യാമെന്ന് തീരുമാനിച്ചു. അതായത് തൽസമയ സംപ്രേഷണം വേണ്ടെന്നുവെച്ചു. ഞാൻ ഇതറിഞ്ഞപ്പോൾ മസ്ജിദ് ഫള്ലിൽ നിന്ന് തൽസമയ സംപ്രേഷണം ഉണ്ടാകുമെന്ന് പറഞ്ഞു. അതിന് തടസ്സമായ കാര്യമൊന്നുമില്ല. എന്നോട് ചോദിക്കാതെ ഇത്തരം

തീരുമാനം അവർ സ്വയം എടുക്കരുത്. അവർ ഉടനെ എന്നോട് തൽസമയസംപ്രേഷണത്തിന് ഇനി എന്ത് ചെയ്യുമെന്ന് ചോദിക്കുകയായിരുന്നു വേണ്ടിയിരുന്നത്. തൽസമയ സംപ്രേഷണം നടന്നില്ലായിരുന്നെങ്കിൽ അഹ്മദികളും മറ്റ് ലോകജനതയും കരുതുന്നത് ഈ സംഭവംകൊണ്ട് നമ്മുടെ എല്ലാ വ്യവസ്ഥിതിയും താറുമാറായിപ്പോയെന്നായിരിക്കും. അങ്ങനെയൊന്ന് ഇവിടെ ഉണ്ടായിട്ടില്ല. നഷ്ടമുണ്ടാകുമ്പോൾ നിരാശരായി കുത്തിയിരിക്കുക എന്നതല്ല നമ്മുടെ ജോലി. അല്ലെങ്കിൽ സ്ഥലംവിട്ട് അവിടെ പോയി തമാശ കാണാൻ നോക്കിനില്ക്കുക എന്നതല്ല. നേരെമറിച്ച്, അതിനുപകരം മറ്റു സംവിധാനം ചെയ്യാൻ ശ്രമിക്കുകയാണ് വേണ്ടിയിരുന്നത്. എന്നല്ല, അതാണ് ചെയ്യേണ്ടത്. ബാക്കി കാര്യങ്ങൾ അല്ലാഹുവിൽ അർപ്പിക്കുക.

എന്തായാലും ഇക്കാര്യങ്ങൾകൊണ്ട് നമുക്കൊരിക്കലും പരിഭ്രമം ഉണ്ടായിട്ടില്ല. ഉണ്ടാകാനും പാടില്ല. ഈ സംഭവവും പരീക്ഷണമാണെങ്കിൽ നമ്മൾ ഇങ്ങനെ പ്രതിജ്ഞ ചെയ്യേണ്ടതാണ്; പിന്നീട് നമ്മുടെ കർമങ്ങൾ കൊണ്ട് അത് തെളിയിച്ചു കാണിക്കുകയും  വേണം. അതായത് 'അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞും ദുആകൾ ചെയ്തും ഈ പരീക്ഷണത്തെ അതിജയിക്കുമെന്നും ഈ നഷ്ടം ഏതുവിധത്തിലുണ്ടായതാണെങ്കിലും ആരുണ്ടാക്കിയതാണെങ്കിലും നമ്മുടെ കഴിവുകേടുകൊണ്ടായതോ അശ്രദ്ധകൊണ്ടുണ്ടായതോ അല്ലെങ്കിൽ അപകടമെന്ന നിലയിലുണ്ടായതോ ആണെങ്കിലും ഇതിനെ ഇൻശാഅല്ലാഹ് നമ്മൾ തന്നെ ദൈവാനുഗ്രഹംകൊണ്ട് വീണ്ടും മനോഹരമായ രൂപത്തിൽ തിരിച്ചുകൊണ്ടുവരുമന്നുംപ്രതിജ്ഞ ചെയ്യേണ്ടതാണ്.' ഇപ്പോൾ ഇതിനുവേണ്ടി എനിക്ക് ജമാഅത്തിനോട് എന്തെങ്കിലും ആഹ്വാനമൊന്നും ചെയ്യേണ്ട ആവശ്യമില്ല. പക്ഷേ, ആളുകൾ ഞാൻ പറയാതെതന്നെ സ്വയം ഇതിനുവേണ്ടി തുകകൾ അയക്കാൻ തുടങ്ങിയിരിക്കുന്നു. കുട്ടികൾ പ്രത്യേകമായ നിലയിൽ ഇതിനുവേണ്ടി ചന്ദ നല്കാൻ തുടങ്ങിയിരിക്കുന്നു. അവരോട് പറയാതെതന്നെ സ്വന്തം ഇഷ്ടത്തിന് കുട്ടികൾ തങ്ങളുടെ കുടുക്കകൾ നല്കിക്കൊണ്ടിരിക്കുന്നു. ഏഴെട്ട് വയസ്സുള്ള ഒരു പെൺകുട്ടി തന്റെ പിതാവിനോട് പറഞ്ഞു: 'ഈ ഹാളുകളിൽ നമ്മൾ പോയി ഭക്ഷണം കഴിക്കുകയും കളിക്കുകയും ഫംഗ്ഷൻ സംഘടിപ്പിക്കുകയും ചെയ്തതാണ്. നമ്മൾ തീർച്ചയായും ഇതിന്റെ പുനർനിർമാണത്തിൽ നമ്മുടെ ഓഹരി ഇടേണ്ടതാണ്. അതുകൊണ്ട് എന്റെ കൈയിലുള്ള പൈസ ഞാൻ നല്കുന്നു എന്നു പറഞ്ഞു തന്റെ കുടുക്കയും എടുത്തുകൊണ്ടുവന്നു.'  ഇതായിരുന്നു ആ പെൺകുട്ടിയുടെ വികാരം. സമൂഹത്തിലെ കുട്ടികളും ഇത്തരം ദൃഢനിശ്ചയമുള്ളവരാകുമ്പോൾ അവരെ ആർക്കാണ് നിരാശപ്പെടുത്താൻ കഴിയുക. ഈ നിസ്സാരമായ നഷ്ടത്തിന് എന്തു നഷ്ടം ഉണ്ടാക്കാനാണ് കഴിയുക.

ഒരു സാഹിബ് ലൈബ്രറിയിൽ ഇരുന്ന് ജോലി ചെയ്യുകയായിരുന്നു. വെളിയിൽ എന്താണ് നടക്കുന്നതെന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല. അല്ലാഹു അത്ഭുതകരമായ നിലയിൽ അദ്ദേഹത്തെ രക്ഷിച്ചു. അദ്ദേഹത്തിന് ഇതും വലിയൊരു ദൃഷ്ടാന്തമാണ്. അല്പം സെക്കന്റ് കഴിഞ്ഞാൽ കത്തിച്ചാമ്പലാകുമായിരുന്നു. എന്തായാലും അല്ലാഹു വലിയ അനുഗ്രഹം ചെയ്തു. ഹുദൂർ പറഞ്ഞു അസൂയാലുക്കളുടെ അസൂയ ഇനിയും ആളിക്കത്തും. അതുകൊണ്ട് ദുആകളിലേക്ക് ശ്രദ്ധിക്കുക. **റബ്ബികുല്ലി ശയ്യിൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നി വൻസ്വുർനീ വർഹംനീ, അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദു ബിക്ക മിൻ ശുരൂരിഹിം, റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ്വഫിൽ ആഖിറത്തീ ഹസനത്തൻ വ്വഖിനാ അദാബന്നാർ** എന്നീ പ്രാർത്ഥനകൾ ചൊല്ലേണ്ടതാണ്. ഇത് യഥാർത്ഥത്തിൽ നമ്മുടെ കഴിവുകേടും ദൗർബല്യവും കൊണ്ടാണുണ്ടായതെങ്കിൽ ഇസ്തിഗ്ഫാറും അധികമായി ചൊല്ലേണ്ടിയിരിക്കുന്നു. അല്ലാഹു ഭാവിയിലും നമ്മുടെ ചുമതലകൾ ശരിയായ നിലയിൽ നിറവേറ്റാൻ നമുക്ക് കഴിവ് നല്കുമാറാകട്ടെ. ഈ ദൗർബല്യങ്ങൾ നമ്മളിൽനിന്ന് അകറ്റുമാറാകട്ടെ. ഇത് പരീക്ഷണമാണെങ്കിൽ അല്ലാഹു നമ്മെ അതിൽ വിജയത്തോടെ പ്രവേശിപ്പിക്കുമാറാകട്ടെ. തന്റെ അനുഗ്രഹങ്ങൾ മുമ്പത്തേക്കാളേറെ നല്കുമാറാകട്ടെ. സുവാർത്തകൾ നല്കപ്പെടുന്ന ക്ഷമാശീലരിൽ നമ്മെ ഉൾപ്പെടുത്തുമാറാകട്ടെ. മുമ്പത്തേക്കാളേറെ നമ്മൾ പുരോഗതികൾ കാണുമാറാകട്ടെ.

ഖുത്ബയുടെ അവസാനം ഹുസൂർ ചൗദരി മഹ്മൂദ് അഹ്മദ് സാഹിബ് മുബശ്ശിർ ദർവേശ് ഖാദിയാനേയും ഖാലിദ് സലിം അബ്ബാസ് അബുൽ ഹാജി സാഹിബ് സിറിയയേയും അനുസ്മരിക്കുകയുണ്ടായി.


Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 02.10.15
Malayalam Translation :  **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516


If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala